(ബി) മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്നു.

(സി) വിവിധതലങ്ങളിൽ വിവിധ വകുപ്പുകളുമായി നടത്തിവരുന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. ഇതുമൂലം പദ്ധതികളുടെ പണികൾ ത്വരിതഗതിയിൽ ആക്കുവാനും പദ്ധതികളുടെ പൂർത്തീകരണത്തോടെ കൂടുതൽ ജനങ്ങളിലേക്ക് കുടിവെള്ളം ലഭ്യമാക്കാനും തുടർന്ന് കൂടുതൽ വാട്ടർ കണക്ഷനുകൾ കൊടുക്കുവാനും അതിനാൽ വരുമാനം ഉയർത്തിക്കൊണ്ടുവരുവാനും സാധിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് തന്നെ ഈ സർക്കാർ അധികാരമേറ്റശേഷം ചെറുതും വലുതുമായ 74 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന കാലഘട്ടത്തിൽ 154 പദ്ധതികൾ പൂർത്തീകരിക്കുവാനും ലക്ഷ്യമിടുകയും ചെയ്യുന്നു.

(ഡി) ഇ-ടെണ്ടർ നടപ്പിലാക്കി, വാട്ടർ കണക്ഷൻ നല്കാനുള്ള നടപടികൾ ലഘൂകരിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗാർഹിക കണക്ഷൻ നല്കാനുള്ള ചുമതല നല്കി.

സ്ഥാപന ശാക്തീകരണം, ഹെൽപ്പ് ലൈൻ പരാതികൾ സ്വീകരിക്കൽ, ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. പ്രോജക്ടുകളുടെ മേൽനോട്ടത്തിനായി പാസ്സ് സോഫ്റ്റ് വെയർ ഏർപ്പെടുത്തി. വീഡിയോ കോൺഫറൻസിംഗ് വഴി എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നു.

കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സ്റ്റെപ്പ്സ്, ഒ & എം, ബിൽ എൻട്രി, എച്ച്. ആർ., ഇ-അബാക്കസ്, ബില്ലിംഗ്, ഓഫീസ് ഓട്ടോമേഷന്റെ ഭാഗമായി ഓഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം

105 (8165) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :.

(എ) മുല്ലപ്പെരിയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിട്ടുള്ളത് ആർക്കാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഡാമുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് ; ഇതിനായുള്ള ചെലവുകൾക്ക് എന്തെങ്കിലും അനുപാതം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധമായി അയൽ സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിലുള്ള ബാധ്യതകൾ കൊടുത്തുതീർക്കാനുണ്ടോ ; ഉണ്ടെങ്കിൽ വിശദ മാക്കുമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാർ, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കങ്ങളൊന്നും നിലവിലില്ല എന്നാൽ പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാർ കേന്ദ്ര ജലകമ്മീഷനെ സമീപിച്ചിട്ടുണ്ട്. തമിഴ്നാടിന്റെ പ്രസ്തുത ആവശ്യം നിയമാനുസരണം അനുവദനീയമല്ലെന്ന് IDRB ചീഫ് എഞ്ചിനീയറും സംസ്ഥാന സർക്കാരും കേന്ദ്ര ജലകമ്മീഷനെ അറിയിച്ചിട്ടുണ്ട്. NRLD (National Register of Large Dams) രജിസ്റ്ററിലെ നിലവിലെ സ്ഥിതി പ്രകാരം പ്രസ്തുത ഡാമുകൾ കേരളത്തിന്റെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത ഡാമുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും തമിഴ്നാട് സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ നിർമ്മാണ-പരിപാലന ചെലവുകളുടെ നേർപകുതിയെ തമിഴ്നാടിനും കേരളത്തിനുമായി യഥാക്രമം 61:5 എന്ന അനുപാതത്തിൽ വിഭജിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ നിർമ്മാണ-പരിപാലന ചെലവുകളുടെ നേർപകുതിയെ തമിഴ്നാടിനും കേരളത്തി നുമായി യഥാക്രമം 61:5 എന്ന അളവിൽ വിഭജിച്ചാൽ വരുന്ന തുക തമിഴ് നാടിന് നൽകാനുണ്ട്. എന്നാൽ ഈ കണക്കുകൾ പരിശോധിച്ച് അംഗീകരിച്ചതായുള്ള തമിഴ്നാട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് കേരളം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും തമിഴ്നാട് ഇതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യതകൾ കൊടുത്തു തീർക്കാൻ കേരളത്തിനായിട്ടില്ല. എന്നാലും സംസ്ഥാന താല്പര്യം സംരക്ഷിക്കുന്ന തിനുവേണ്ടി കേരള അക്കൗണ്ടന്റ് ജനറലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly